## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2292

06 .10.2016-ൽ
മറുപടിയ്ക്ക്

### കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ അസൗകര്യങ്ങൾ

| ചോദ്യം<br>ശ്രീ. ബി. സത്യൻ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി തൊഴിലാളികളെ നിയമിക്കാത്തത് കാരണം വൃത്തിഹീനവും ദുർഗന്ധപൂരിതവുമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഇത് പരിഹരിക്കുന്നതിന് നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാമോ; | (ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികൃതരാണ് പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി എടുക്കേണ്ടത്. |
| (സി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് പ്രവർത്തിക്കാത്തത് കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. കിളിമാനൂർ സിവിൽ സ്റ്റേഷനിലെ ലിഫ്റ്റിൻെറ പണി പൂർത്തിയാക്കി ആയത് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ലിഫ്റ്റിൻെറ പ്രവർത്തനം ആരംഭിക്കാൻ കഴിയും. |
| (ഡി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിൽ ക്യാന്റീൻ പ്രവർത്തിപ്പിക്കാനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്നു വ്യക്തമാക്കാമോ? | (ഡി) ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

84.